# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5854 — 19.11.2019-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സഹകരണസംഘത്തിലെ തിരിമറി**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ തിരുവനന്തപുരം സ്റ്റാച്യൂവിലുള്ള സഹകരണ സംഘത്തിൽ നടന്ന തിരിമറിയുമായി ബന്ധപ്പെട്ട് ഇടപാടുകാർക്ക് സംഭവിച്ച നഷ്ടം നികത്തുന്നതിന് കെ.എസ്.എഫ്.ഇ. എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ തിരുവനന്തപുരം സ്റ്റാച്യൂവിലുള്ള സഹകരണ സംഘത്തിൽ നടന്ന തിരിമറിയുമായി ബന്ധപ്പെട്ട് ഇടപാടുകാർക്ക് സംഭവിച്ച നഷ്ടം നികത്തുന്നതിന് യാതൊരു നടപടികളും കെ.എസ്.എഫ്.ഇ സ്വീകരിച്ചിട്ടില്ല. കെ.എസ്.എഫ്.ഇ.യും കെ.എസ്.എഫ്.ഇ സ്റ്റാഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയും രണ്ട് സ്ഥാപനങ്ങളാണ് കെ.എസ്.എഫ്.ഇ-യുമായി പ്രസ്തുത സ്ഥാപനത്തിന് യാതൊരു ബന്ധവുമില്ല. എന്നിരുന്നാലും സഹകരണ (സി) വകുപ്പിൽ നിന്നുള്ള 16.09.17 -ലെ സ.ഉ.(കൈ) 34/2017/സഹ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് സെക്രട്ടറി ഒപ്പിട്ട ഗവൺമെന്റിന്റെ സോപാധിക ഗ്യാരന്റി ഡീഡിന്റെ അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇ 18 മാസ കാലയളവിൽ 4% വാർഷിക പലിശയോടെ 15 കോടി രൂപ കെ.എസ്.എഫ്.ഇ സ്റ്റാഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് വായ്പയായി നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കമ്പനിയും കോ ഓപ്പറേറ്റീവ് സൊസൈറ്റിയും ഒപ്പിട്ട MoU വിന്റെ അടിസ്ഥാനത്തിൽ ആദ്യ ഗഡുവായ 7.5 കോടി രൂപ നൽകുകയുണ്ടായി. മേൽ ഉത്തരവിലെയും, MoU വിന്റെയും നിബന്ധനകൾ പാലിക്കാത്തതിനാൽ രണ്ടാമത്തെ ഗഡു ഇതുവരെയും നൽകിയിട്ടില്ല. |
| (ബി) | ഇതിനായി ഇതിനകം എന്ത് തുക നൽകി; നൽകിയ തുക എപ്രകാരമാണ് തിരിച്ചു പിടിക്കുന്നത്; അതിനായി എന്ത് ഗ്യാരന്റിയാണ് സർക്കാർ നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ? | | |

Rijo

സെക്ഷൻ ഓഫീസർ